**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1118** **06-10-2021 - ൽ മറുപടിയ്ക്ക്**

**ബാലഭവനുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സാംസ്കാരിക വകുപ്പിന് കീഴിൽ എത്ര ബാലഭവനുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം വെളിപ്പെടുത്താമോ; | (എ) | സംസ്ഥാന സർക്കാരിന് കീഴിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലായി അഞ്ച് ജവഹർ ബാലഭവനുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) | ബാലഭവനുകളിലെ നിയമനാധികാരി ആരെന്നും ഓരോ ബാലഭവനിലെയും അംഗീകൃത ജീവനക്കാർ എത്രയെന്നും അവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തെന്നും വ്യക്തമാക്കാമോ; | (ബി) | മേൽപറഞ്ഞ ഓരോ ബാലഭവനുകളിലുമുള്ള സർക്കാർ അംഗീകൃത തസ്തികകളിൽ ജീവനക്കാരെ തിരഞ്ഞെടുത്ത് നിയമിക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് ബാലഭവനുകളിലെ ഭരണ-സമിതിയിൽ നിക്ഷിപ്തമാണ്. ഓരോ ബാലഭവനുകളിലായി സർക്കാർ സൃഷ്ടിച്ച/അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധം 1-ായി ചേർത്തിട്ടുണ്ട്. പ്രസ്തുത ബാലഭവനുകളിൽ സർക്കാർ അംഗീകൃത തസ്തികകളിൽ നിയമിതരാകുന്നവർക്കുള്ള സർവ്വീസ് റൂൾസ് നിശ്ചയിച്ച് കൊണ്ട് 31.07.1997-ലെ സ. ഉ (എം. എസ്) 44/1997/സി.എ.ഡി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത തസ്തികകളിൽ നിയമിതരാകുന്നവർക്ക് 20.07.2018-ലെ സ. ഉ (എം. എസ്) 29/2018/സാം.കാ.വ നമ്പർ ഉത്തരവിൻ പ്രകാരമുള്ള ശമ്പള സ്കെയിലാണ് അനുവദിച്ച് പോരുന്നത്. പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 2-ും, 3-ുമായി ചേർത്തിട്ടുണ്ട്. |
| (സി) | ബാലഭവനുകളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നാണ്; പരിഷ്കരിച്ച ശമ്പളം എന്നുമുതലാണ് വിതരണം ചെയ്ത് തുടങ്ങിയതെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച 9-ും, 10-ും ശമ്പള പരിഷ്കരണങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ബാലഭവനുകളിലെ ജീവനക്കാർക്കും 20.07.2018-ലെ സ. ഉ (എം. എസ്) 29/2018/സാം.കാ.വ നമ്പർ ഉത്തരവിൻ പ്രകാരം ബാധകമാക്കിയിട്ടുണ്ട്. പ്രസ്തുത ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച ശമ്പളം വിവിധ ബാലഭവനുകൾ നടപ്പിലാക്കി വരുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 4-ായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ അഞ്ച് വർഷമായി ഓരോ ബാലഭവനും പ്രതിവർഷം അനുവദിയ്ക്കുന്ന ബജറ്റ് വിഹിതത്തിന്റെ കണക്ക് വ്യക്തമാക്കാമോ; ബജറ്റ് വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ; | (ഡി) | 23.03.1995-ലെ സ. ഉ. (എം. എസ്) 8/1995/ സി.എ.ഡി നമ്പർ ഉത്തരവിൻ പ്രകാരം കഴിഞ്ഞ അഞ്ച് വർഷമായി ഓരോ ബാലഭവനും പ്രതിവർഷം അനുവദിയ്ക്കുന്ന ബജറ്റ് വിഹിതത്തിന്റെ കണക്ക് / ബജറ്റ് വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധം 5-ായി ചേർത്തിട്ടുണ്ട്. 23.03.1995-ലെ സ. ഉ. (എം. എസ്) 8/1995/സി.എ.ഡി നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 6-ായി ചേർത്തിട്ടുണ്ട്. |
| (ഇ) | ഓരോ ബാലഭവനും പ്രത്യേകം ശീർഷകം അനുവദിയ്ക്കണമെന്നും ബജറ്റ് വിഹിതം തുല്യമായി വിതരണം ചെയ്യണമെന്നുമുള്ള ആവശ്യം സർക്കാരിനു മുമ്പാകെയുണ്ടോ; ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | ഉണ്ട്. ആയത് പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 4

**20.07.2018-ലെ സ. ഉ (എം. എസ്) 29/2018/സാം.കാ.വ നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിൻ പ്രകാരമുള്ള പരിഷ്കരിച്ച ശമ്പളം സംസ്ഥാനത്തെ വിവിധ ജവഹർ ബാലഭവനുകൾ നടപ്പിലാക്കി വരുന്നതിന്റെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | സ്ഥലം | നടപ്പിലാക്കിയ / വിതരണം ചെയ്തു തുടങ്ങിയ തിയതി |
|---|---|---|
| 1 | തിരുവനന്തപുരം | 01.03.2019 |
| 2 | കൊല്ലം | 01.01.2020 |
| 3 | തൃശ്ശൂർ | 01.03.2021 |
| 4 | ആലപ്പുഴ | 01.04.2021 |
| 5 | കോട്ടയം | 01.07.2021 |